## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സൗദി അറേബ്യ സന്ദർശനത്തിന് ചൊവ്വാഴ്ച തുടക്കമാകും.
2. ലഹരിക്ക് അടിമകളായി ഗുരുതര മാനസിക പ്രശ്നങ്ങളുണ്ടാകുന്നവരെ ചികിത്സിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. കോന്നി ആനക്കൊട്ടിലിൽ കോൺക്രീറ്റ് തൂണ് വീണ് നാലു വയസുകാരൻ മരിച്ച സംഭവത്തിൽ ജീവനക്കാർക്ക് സസ്പെൻഷൻ.
4. ഈസ്റ്ററിനെ വരവേൽക്കാനുള്ള ഒരുക്കത്തിൽ ക്രൈസ്തവ വിശ്വാസികൾ. ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഗവർണറും.
5. ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 204 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 1**

**പി.എം - സൗദി അറേബ്യ സന്ദർശനം**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സൗദി അറേബ്യ സന്ദർശനത്തിന് ചൊവ്വാഴ്ച തുടക്കമാകും. സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. സൗദി

PNU TVPM

അറേബ്യയുമായുള്ള ഉഭയകക്ഷി ബന്ധത്തിന് ഇന്ത്യ നൽകുന്ന പ്രാധാന്യം ശ്രീ മോദിയുടെ സന്ദർശനം അടിവരയിടുന്നു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## ലഹരി - ചികിൽസ

ലഹരിക്ക് അടിമപ്പെട്ട് ഗുരുതര മാനസിക പ്രശ്നങ്ങളുണ്ടാകുന്നവരെ ചികിത്സിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതിവാര ടെലിവിഷൻ സംവാദപരിപാടിയായ 'നാം മുന്നോട്ട്'ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലഹരിക്ക് അടിമപ്പെടുന്നവരെ തിരുത്തി സമൂഹത്തോടൊപ്പം ചേർത്തുകൊണ്ടുപോകാനാണ് സർക്കാർ ശ്രമമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതേസമയം പുതിയ അധ്യയന വർഷത്തിൽ ലഹരിവിപത്തിനെതിരെ പാഠ്യപദ്ധതി പരിഷ്കരണവും അധ്യാപക പരിശീലനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## വീണാ ജോർജ്ജ്

ലഹരി ഉപയോഗിക്കുന്നവർക്കൊപ്പം അഭിനയിക്കില്ലെന്ന യുവനടിയുടെ നിലപാട് ആർജ്ജവമുള്ളതാണെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. ഈ നിലപാടിൽ ഏതെങ്കിലും തരത്തിലുള്ള ഒറ്റപ്പെടലുകൾ നേരിടേണ്ടിവന്നാൽ നടിക്കൊപ്പം സർക്കാർ സംവിധാനം ഉണ്ടാകുമെന്നും മന്ത്രി ദുബായിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ഷൈൻ ടോം ചാക്കോ

ലഹരി മരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട കേസിൽ നടൻ ഷൈൻ ടോം ചാക്കോയുടെ അറസ്റ്റ് കൊച്ചി സിറ്റി പോലീസ് രേഖപ്പെടുത്തി. രാവിലെ എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തിയ ഇയാളെ ചോദ്യം ചെയ്തതിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്

RNU TVPM

അറസ്റ്റ്. മൂന്ന് മണിക്കൂറിലധികം ചോദ്യം ചെയ്ത ഇയാൾക്ക് ലഹരി ഇടപാടുകാരെ അറിയാമെന്ന് സമ്മതിച്ചതായും, അവരുമായി നടത്തിയ സാമ്പത്തിക ഇടപാടുകളും മറ്റു തെളിവുകളും കൂടി മുൻനിർത്തിയാണ് അറസ്റ്റിലേക്ക് പോലീസ് നീങ്ങിയത്. ഹോട്ടലിൽ നിന്ന് ഇറങ്ങി ഓടിയ ദിവസം ഷൈനിനോടൊപ്പം ഉണ്ടായിരുന്ന അഹമ്മദ് മുർഷാദ് എന്നയാളെയും കേസിൽ പ്രതി ചേർത്തിട്ടുണ്ട്. അറസ്റ്റിനുശേഷം ഷൈൻ ടോം ചാക്കോയെ വൈദ്യ പരിശോധനയ്ക്ക് വിധേയനാക്കി. തുടർന്ന് കേസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി, ജാമ്യത്തിൽ വിട്ടയച്ചു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## കോന്നി - സസ്പെൻഷൻ

കോന്നി ആനക്കൊട്ടിലിൽ കോൺക്രീറ്റ് തൂണ് വീണ് നാലു വയസുകാരൻ മരിച്ച സംഭവത്തിൽ സുരക്ഷാ ഉദ്യോഗസ്ഥർക്ക് വീഴ്ച്ച പറ്റിയെന്നു കണ്ടെത്തൽ. തുടർന്ന് കോന്നി ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ ചുമതലയുള്ള Section Forest Officer ആർ. അനിൽകുമാറിനെ സസ്പെൻഡ് ചെയ്തു. നാല് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും സസ്പെൻറ് ചെയ്യാൻ നിർദ്ദേശം നൽകി. വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻറെ നിർദേശം പ്രകാരം ആണ് നടപടി. ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ടു യൂത്ത് കോൺഗ്രസ് പ്രതിഷേധ മാർച്ച് നടത്തിയിരുന്നു. അതേസമയം മരിച്ച കുട്ടിയുടെ മൃതദേഹം നാളെ കടമ്പനാട്ടെ വീട്ടിൽ സംസ്കരിക്കും.

&&&&&&&&&&&&&&&&&&&&

## പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം ആകെ പൂർത്തീകരിച്ചത് 13443 വീടുകൾ. മൂന്നാം ഘട്ടത്തിൽ ഭൂരഹിതരുടെ പുനരധിവാസമാണ് നടപ്പാക്കുന്നത്.

RNUTVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...... വോയ്സ്)

&&&&&&&&&&&&&&&&&&&&&

## ഫാറ്റി ലിവർ ക്ലിനിക്കുകൾ

രാജ്യത്ത് ആദ്യമായി സംസ്ഥാനത്തെ ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമായി വരുന്നതായി മന്ത്രി വീണാ ജോർജ്. ഫാറ്റി ലിവർ പോലുള്ള കരൾ രോഗങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ലിനിക്കുകൾ ആരംഭിക്കുന്നത്.

ആദ്യഘട്ടമായി മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജമായി. തിരുവനന്തപുരം, എറണാകുളം ജനറൽ ആശുപത്രികളിൽ ഇത്തരം ക്ലിനിക്കുകൾ അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു

&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

RNU TVPM

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## ഈസ്റ്റർ

ഈസ്റ്റർ ദിനത്തെ വരവേൽക്കാനുള്ള ഒരുക്കത്തിൽ ക്രൈസ്തവ വിശ്വാസികൾ. ഒരാഴ്ചയായി നടന്നുവരുന്ന പ്രാർഥനാകാലത്തിന് നാളെ സമാപനമാകും. ഓശാന ഞായറിൽ സന്ധ്യാപ്രാർത്ഥനകളോടെ ആരംഭിച്ച പ്രത്യേക ശുശ്രൂഷകൾ ദേവാലയങ്ങളിൽ ഇന്നും തുടരുന്നു.

&&&&&&&&&&&&&&&&&&&&&

## ഈസ്റ്റർ ആശംസ-രാഷ്ട്രപതി

ഈസ്റ്റർ ദിന തലേന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പൗരന്മാർക്ക്, പ്രത്യേകിച്ച് ഇന്ത്യയിലും വിദേശത്തും താമസിക്കുന്ന ക്രിസ്ത്യൻ സമൂഹത്തിന് ആശംസകൾ നേർന്നു. യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ അനുസ്മരിക്കുന്ന ഈസ്റ്റർ, നിസ്വാർത്ഥ സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശം നൽകുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ഗവർണർ - ഈസ്റ്റർ ആശംസ

ഈസ്റ്ററോടനുബന്ധിച്ച് ലോകമെമ്പാടുമുള്ള ക്രൈസ്തവരായ മലയാളികൾക്ക് ആശംസകൾ നേർന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. ക്രിസ്തുദേവൻറെ ഉയിർപ്പിനെ പ്രതിനിദാനം ചെയ്യുന്ന ഈസ്റ്റർ, ഏവരുടെയും മനസ്സുകളിൽ അനുകമ്പയും വിട്ടുവീഴ്ചാമനോഭാവവും നിറയ്ക്കട്ടേയെന്നും, ഗവർണർ ആശംസിച്ചു.

PRD TVPM

&&&&&&&&&&&&&&&&&&&&

## കണ്ണൂർ സർവകലാശാല - പരീക്ഷാ വീഴ്ച

കണ്ണൂർ സർവകലാശാലയ്ക്കു കീഴിലുള്ള കാസർഗോഡ് ബേക്കൽ പാലക്കുന്ന് ഗ്രീൻ വുഡ്സ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ആറാം സെമസ്റ്റർ ബി.സി. എ. പരീക്ഷയുടെ നടത്തിപ്പിലുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ അടങ്ങിയ അന്വേഷണ സമിതിയെ വൈസ്-ചാൻസലർ ചുമതലപ്പെടുത്തി.. ഇത് സംബന്ധിച്ച പരാതി കേരളാ പോലീസിനും കൈമാറിയി. അന്വേഷണ സമിതിയിൽ നിന്നും റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് സർവ്വകലാശാല വാർത്താക്കുറിപ്പിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## കണ്ണൂർ സർവകലാശാല-വിദ്യാർത്ഥി പ്രതിഷേധം

അതേസമയം ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ കണ്ണൂർ സർവകലാശാല ആസ്ഥാനത്തേക്ക് വിദ്യാർത്ഥി സംഘടനകൾ നടത്തിയ പ്രതിഷേധം സംഘർഷത്തിൽ കലാശിച്ചു. കെ എസ് യു,
എം എസ് എഫ് സംഘടനകളാണ് പ്രതിഷേധം നടത്തിയത്.
സർവ്വകലാശാല ഓഫീസിലേക്ക് അതിക്രമിച്ചു കയറാൻ ശ്രമിച്ചവരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&

## ആലപ്പുഴ - വേമ്പനാട്ടുകായൽ (ഇൻട്രോ)

ആലപ്പുഴയിൽ വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനത്തിനായി ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ നടക്കുന്ന പരിപാടികൾ ശ്രദ്ധേയമാകുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രവികുമാർ....... (വോയ്സ്)**

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 204 റൺസ് വിജയലക്ഷ്യം. ഡൽഹി നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 203 റൺസ് നേടി. മറുപടി ബാറ്റിംനിറങ്ങിയ ഗുജറാത്ത് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 9 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 85 റൺ നേടി.
ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ് ലക്നൗ സൂപ്പർ ജൈയ്റ്റ്സിനെ നേരിടും.

&&&&&&&&&&&&&&&&&&&&

## ബിജെപി- നേതൃനിര

സംസ്ഥാനത്തെ മുപ്പത് സംഘടനാ ജില്ലകളിലും പുതിയ നേതൃനിരയെ പ്രഖ്യാപിച്ച് ബിജെപി. അറുനൂറിലേറെ ഭാരവാഹികളെയാണ് സംസ്ഥാന പ്രസിഡന്റിന്റെ

RNU TVPM

അനുമതിയോടെ പ്രഖ്യാപിച്ചത്. ജില്ല പ്രസിഡന്റുമാർ ജില്ലാ ഭാരവാഹികളെ പ്രഖ്യാപിച്ചതോടെ ബൂത്ത് തലം മുതൽ ജില്ലാ തലം വരെയുള്ള പാർട്ടി ഭാരവാഹി പട്ടിക പൂർത്തിയായി.

&&&&&&&&&&&&&&&&&&&&&

## ബിജെപി കൺവെൻഷൻ

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം കൺവെൻഷനുകളും ജില്ലാ നേതൃയോഗങ്ങളും നാളെ മുതൽ ആരംഭിക്കും. മെയ് 10 വരെ നീണ്ടുനിൽക്കുന്ന പരിപാടികളിൽ കേരളത്തിലെ 30 സംഘടനാ ജില്ലകളിലും സംസ്ഥാന അധ്യക്ഷൻ പ്രവർത്തകരെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&&&

RNU TVPM

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&&

## സഹകരണ എക്സ്പോ - 2025

സഹകരണ എക്സ്പോ മൂന്നാം പതിപ്പ് തിങ്കളാഴ്ച മുതൽ ഈ മാസം 30 വരെ തിരുവനന്തപുരത്ത് കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കും. ഔദ്യോഗിക ഉദ്ഘാടനം ബുധനാഴ്ച വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 260 സ്റ്റാളുകളിലായി 400 ൽ പരം സഹകരണ ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടക്കും. സെമിനാറും കലാസന്ധ്യയും പരിപാടിയുടെ ഭാഗമായി ഉണ്ടാകും.

&&&&&&&&&&&&&&&&&&&&&

<u>സർക്കാർ - നാലാം വാർഷികം - പ്രതിപക്ഷം</u>

രണ്ടാം പിണറായി വിജയൻ സർക്കാരിൻറെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായുള്ള 'എൻറെ കേരളം ' പ്രദർശന വിപണന മേളയുടെ ഒരുക്കങ്ങൾ കാസർഗോട് അവസാനഘട്ടത്തിൽ. തിങ്കളാഴ്ച്ച രാവിലെ കാസർഗോഡ് കാലിക്കടവ് മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉത്ഘാടനം ചെയ്യും.സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷ പരിപാടി, പ്രതിപക്ഷം പൂർണമായും ബഹിഷ്ക്കരിക്കുമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. ആലുവയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&&

RNU TVPM